## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1472

21.03.2012-ൽ മറുപടി
പറയേണ്ടിയിരുന്നത്

### വി.ഇ.ഒ.മാർക്ക് പ്രീസർവ്വീസ് ട്രെയിനിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ.മാർക്ക് പ്രീ സർവ്വീസ് ട്രെയിനിംഗ് കാലയളവിൽ നൽകി വരുന്ന സ്റ്റൈപ്പന്റ് തുക എത്രയാണ്; | (എ) | 04.03.2012 വരെ വി.ഇ;ഒ. ഗ്രേഡ് II - മാരുടെ പ്രീ സ്കെയിലിന്റെ മിനിമമായ 5650/ രൂപയും 05.03.2012 മുതൽ റിവൈസ്ഡ് സ്കെയിലിന്റെ മിനിമമായ 9940/ രൂപയുമാണ് നൽകി വരുന്നത്. |
| (ബി) | വിവിധ സർക്കാർ വകുപ്പുകളിൽ ജീവനക്കാരായിട്ടുള്ളവർക്ക് വി.ഇ.ഒ. തസ്തികയിലേക്ക് നിയമനം ലഭിച്ചാൽ, പ്രസ്തുത ജീവനക്കാർക്കും പ്രീസർവ്വീസ് ട്രെയിനിംഗ് കാലയളവിൽ സ്റ്റൈപ്പന്റ് മാത്രമാണ് നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് പ്രീസർവ്വീസ് ട്രെയിനിംഗ് കാലയളവിൽ അവരുടെ മുൻ സർവ്വീസിലെ ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് വ്യക്തമാക്കുന്ന, ധനകാര്യ വകുപ്പിന്റെ 01.07.1992 തീയതിയിലെ * (പി)443/92 നമ്പർ | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| | സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | പ്രസ്തുത ഉത്തരവിൻ പ്രകാരം കോഴിക്കോട് ജില്ലയിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ കീഴിൽ വരുന്ന എല്ലാ വികസന ബ്ലോക്കുകളിലും 2011 -2012 സാമ്പത്തിക വർഷത്തിൽ ട്രെയിനിംഗ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ച വി.ഇ.ഒ.മാർക്ക് പ്രീ സർവ്വീസ് കാലയളവിലെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വകരിച്ചിട്ടുണ്ടോ; | (ഡി) | പ്രസ്തുത ഉത്തരവിൻ പ്രകാരം കോഴിക്കോട് ജില്ലയിൽ 2011-2012 വർഷത്തിൽ പ്രീസർവ്വീസ് പരിശീലനം കഴിഞ്ഞ് നിയമിതരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കുള്ള പ്രീസർവ്വീസ് പരിശീലന കാലത്തെ ആനുകൂല്യങ്ങൾ വിവിധ ബ്ലോക്കുകൾ ഏകോപിത രീതിയിലല്ല നൽകി യിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ വടകര. കുന്നുമ്മൽ. കോഴിക്കോട്. പന്തലായനി എന്നീ ബ്ലോക്കുകൾ പ്രസ്തുത ആനുകൂല്യങ്ങൾ ഭാഗികമായി നൽകിയിട്ടുണ്ട്. |
| (ഇ) | അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ലാത്ത വികസന ബ്ലോക്കുകൾ ഉണ്ടെങ്കിൽ അവയേതെന്ന് വ്യക്തമാക്കുമോ; | (ഇ) | കുന്ദമംഗലം, ചേളന്നൂർ, പേരാമ്പ്ര, തോടന്നൂർ, കൊടുവള്ളി, തൂണേരി, ബാലുശ്ശേരി, മേലടി എന്നീ ബ്ലോക്കുകളിൽ പ്രസ്തുത ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. |
| (എഫ്) | പ്രസ്തുത വികസന ബ്ലോക്കുകളിലെ വി.ഇ.ഒ.മാർക്ക് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ; | (എഫ്) | യുക്തമായ നടപടികൾ സ്വീകരിക്കു ന്നതാണ്. |
| (ജി) | മറ്റു സർക്കാർ വകുപ്പുകളിൽ നിന്ന് വി.ഇ.ഒ.തസ്തികയിൽ ജോലി നേടി പ്രീസർവ്വീസ് ട്രെയിനിംഗ് | (ജി) | മറ്റു സർക്കാർ വകുപ്പുകളിൽ നിന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ ജോലി നേടി |

| | | | |
|---|---|---|---|
| | പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് ഇതര സർക്കാർ സർവ്വീസുകളിൽ ജോലി നേടുകയും ചെയ്ത ജീവനക്കാർക്കും പ്രസ്തുത ആനൂകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | പ്രീസർവ്വീസ് ട്രെയിനിംഗ് പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് ഇതര സർക്കാർ സർവ്വീസുകളിൽ ജോലി നേടുകയും ചെയ്ത ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. |
| (എച്ച്) | ഗ്രാമവികസന പ്രവർത്തനങ്ങളിൽ വി.ഇ.ഒ.മാർ നിർവ്വഹിക്കുന്ന നിർണ്ണായകമായ സേവനം പരിഗണിച്ച് നിലവിലുള്ള പ്രീസർവ്വീസ് ട്രെയിനിംഗ് സംവിധാനം പോലീസ് സേനയിൽലേതു പോലെ 'ഇൻ സർവ്വീസ്'ട്രെയിനിംഗ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (എച്ച്) | മറ്റ് വകുപ്പുകളിലെ പ്രീസർവ്വീസ് ട്രെയിനിംഗ് നിലവിലുള്ള തസ്തികകൾക്കൊപ്പം വി.ഇ;ഒ.മാരുടെ പ്രീസർവ്വീസ് കാലയളവും കൂടി ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. |

Rejile

സെക്ഷൻ ഓഫീസർ